പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

27.06.2012-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4169

## സർക്കാർ ഗസ്റ്റ് ഹൗസുകളിൽ ഭക്ഷണത്തിന് ഈടാക്കുന്ന വില

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ | | ഉത്തരം<br>ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
|---|---|---|
| എ) | സർക്കാർ ഗസ്റ്റ് ഹൗസിലെ ഭക്ഷണത്തിന് വില നിശ്ചയിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | എ) ഉണ്ട് (പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു) |
| ബി) | ഭക്ഷണത്തിന് നിശ്ചയിച്ച തുകയേക്കാൾ കൂടുതൽ തുക ഈടാക്കുന്നതിനെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; | ബി) ചില പരാതികൾ ലഭിച്ചിട്ടുണ്ട്. |
| സി ) | സർക്കാർ ഉത്തരവ് GO (MS) No. 467/07/TSM തീയതി 11-10-2007 അനുസരിച്ച് ഗസ്റ്റ് ഹൗസുകളിൽ ഭക്ഷണത്തിന്റെ വിലവിവര പട്ടിക പ്രദർശിപ്പിച്ചിരിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഉത്തരവ് ഇറക്കുമോ: | സി ) ഗസ്റ്റ് ഹൗസ് മുറികളിലും ഡൈനിംഗ് ഹാളുകളിലും വിലവിവര പട്ടിക പ്രദർശിപ്പിക്കണമെന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. |
| ഡി ) | വിലവിവര പട്ടികയിലെ തുകയെക്കാൾ അധിക തുക ഈടാക്കുവാൻ ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് നിലവിൽ അധികാരമുണ്ടോ; അത് സംബന്ധിച്ച് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | ഡി ) അധികാരമില്ല |
| ഇ ) | സർക്കാർ ഗസ്റ്റ് ഹൗസുകളിൽ 1 ലിറ്റർ മിനറൽ വാട്ടറിന് എത്ര രൂപയാണ് ഈടാക്കുന്നത് ; കൂടുതൽ വില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇ ) എം.ആർ.പി. തുകയാണ് ഈടാക്കേണ്ടത്. കൂടുതൽ വില ഈടാക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| എഫ് ) | സർക്കാർ നിശ്ചയിച്ച തുകയെക്കാൾ കൂടുതൽ തുക ഈടാക്കിയ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ, വ്യക്തമാക്കാമോ? | എഫ് ) ഇക്കാര്യത്തിൽ ലഭിച്ച പരാതികൾ പരിശോധിച്ചുവരികയാണ്. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്** സെക്ഷൻ ഓഫീസർ